**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി.സെൽ-ബി ) വകുപ്പ്**

**<u>സർക്കുലർ</u>**

സർക്കുലർ നം.**10**/2020/ധന തീയതി, തിരുവനന്തപുരം, 13/02/2020

വിഷയം: ധനകാര്യവകുപ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രായം തെളിയിക്കുന്നതിനായി നൽകാവുന്ന രേഖകൾ - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന : 1. സർക്കുലർ നം. 69/2018/ധന, തീയതി 26/07/2018
2. 20.12.2018 തീയതിയിലെ യു.ഐ.എ.ഐ യുടെ ഓഫീസ് മെമ്മോറാണ്ടം No.4(4)/57/186/2016/E&U-pt-II
3. സർക്കുലർ നം.4/2020/ധന, തീയതി 16/01/2020

സൂചന (1) സർക്കുലർ പ്രകാരം പുതിയതായി സാമൂഹ്യ സുരക്ഷാ പെൻഷന് അപേക്ഷിക്കുന്ന ഒരു വ്യക്തി തന്റെ വയസ്സ് തെളിയിക്കുന്നതിന്, മറ്റ് രേഖകൾ ഇല്ലായെന്ന് കാണിച്ച്, ഡോക്ടറുടെ സർട്ടിഫിക്കറ്റ് നൽകുന്ന രീതി നിർത്തലാക്കിക്കൊണ്ടും സ്കൂൾ സർട്ടിഫിക്കറ്റ് അടക്കമുള്ള രേഖകളുടെ അഭാവത്തിൽ വയസ്സ തെളിയിക്കുന്നതിന് ആധാർ ഉപയോഗിക്കാവുന്നതാണെന്നും ഉത്തരവായിരുന്നു. എന്നാൽ വയസ്സ തെളിയിക്കുന്നതിനുള്ള രേഖയായി ആധാർ ഉപയോഗിക്കാൻ പാടില്ലായെന്ന് സൂചന (2) പ്രകാരം യു.ഐ.എ.ഐ നിർദ്ദേശം നൽകിയതിനെത്തുടർന്ന് സൂചന (1) സർക്കുലർ ഭേദഗതി ചെയ്ത് ഉത്തരവായിരുന്നു.

സംസ്ഥാനത്ത് ബഹുഭൂരിപക്ഷം ആളുകളുടേയും പക്കലുണ്ടായിരുന്ന ആധാർ വയസ്സതെളിയിക്കുന്നതിനുള്ള രേഖയാക്കി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, സ്കൂൾ സർട്ടിഫിക്കറ്റ് എന്നീ ആധികാരിക രേഖകൾ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഉപയോഗിക്കാവുന്നതാണെന്നും മേൽ രേഖകളുടെ അഭാവത്തിൽ മാത്രം, അപേക്ഷകന്റെ വയസ്സ തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലായെന്ന സ്വയം സാക്ഷ്യപത്രത്തിനുമേൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് സാമൂഹ്യ സുരക്ഷാ

പെൻഷൻ അനുവദിയ്ക്കുന്നതിന് പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഉപയോഗിക്കാവുന്നതാണ് എന്ന് സ്പഷ്ടീകരണം നൽകി സൂചന (1) സർക്കുലർ ഭേദഗതി വരുത്തുന്നു. ഈ വ്യവസ്ഥ ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയാൽ അത്തരക്കാർ കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതോടൊപ്പം തുടർന്ന് അവർക്ക് സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ യാതൊരുവിധ ധനസഹായങ്ങൾക്കും അർഹതയുണ്ടാകില്ലായെന്നും ഉത്തരവാകുന്നു.

**സഞ്ജയ് എം കൗൾ ഐ.എ.എസ്**
**ധനകാര്യ സെക്രട്ടറി (വ്യയം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ-ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ്
പകർപ്പ്(നം.895239/എസ്.എഫ്.സി.ബി2/18/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ